# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4525** — **26.06.2014 ൽ മറുപടിക്ക്**

### സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം

**ചോദ്യം**
ശ്രീ. കെ.വി.വിജയദാസ്

**ഉത്തരം**
ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

കഴിഞ്ഞ വർഷം സപ്ലൈകോ വഴി സംഭരിച്ച നെല്ല് മുഴുവനും അരിയാക്കി പൂർണ്ണമായും സപ്ലൈകോ വഴി തന്നെയാണോ വിതരണം ചെയ്തുവരുന്നത്; ഇപ്രകാരം എത്ര ടൺ അരി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ ?

കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ ഒപ്പുവച്ചിട്ടുള്ള ധാരണാപത്രം പ്രകാരം കേരളത്തിലെ കർഷകരിൽ നിന്ന് സപ്ലൈകോയുമായി കരാറിലേർപ്പെട്ട മില്ലുകൾ വഴി നെല്ല് സംഭരിച്ച് കുത്തി അരിയാക്കി സംസ്ഥാനത്തെ എട്ട് ജില്ലകളിലെ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നു.

2013-14 ഒന്നാം സീസണിൽ ( സെപ്റ്റംബർ മുതൽ ഡിസംബർ വരെ) 135581.059 MT നെല്ല് സംഭരിച്ച് ആയതിന്റെ 68% ആയ 92195.120 MT അരി സപ്ലൈകോ സംസ്ഥാനത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്തു. രണ്ടാം സീസണിൽ 23.06.2014 വരെ 399840.133 MT നെല്ല് സംഭരിച്ചു. ഇതിൽ നിന്നും 140386.205 MT അരി വിതരണം ചെയ്തു കഴിഞ്ഞു.

Beena

സെക്ഷൻ ഓഫീസർ